## പതിമൂന്നാം കേരള നിയമസഭ
### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1771 — 25.03.2013-ൽ മറുപടിക്ക്

## ബാറുകളിൽ മദ്യ വില്പനയ്ക്കുള്ള പരിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.കെ.ദാസൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മദ്യത്തിന്റെ വ്യാപകമായ ലഭ്യത ജനങ്ങളിൽ, പ്രത്യേകിച്ച് യുവാക്കളിൽ, മദ്യപാന ആസക്തി വർദ്ധിപ്പിക്കുന്ന പ്രധാന ഘടകങ്ങളിൽ ഒന്നാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത കാരണങ്ങൾ പറഞ്ഞ് ബിവറേജസ് കോർപ്പറേഷൻ ആരംഭിക്കാനിരുന്ന എത്ര ഔട്ട്ലെറ്റുകൾ ഈ സർക്കാരിന്റെ ആദ്യഘട്ടത്തിൽ റദ്ദു ചെയ്യുകയുണ്ടായി; | (ബി) 26.03.2007 മുതൽ 17.12.2010 വരെയുള്ള കാലയളവിലെ 12 സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ച 15 വിദേശമദ്യവില്പനശാലകൾ ആരംഭിക്കേണ്ടതില്ലെന്ന്, 0106.2011 - ലെ 9846/ജി1/2011/റ്റി.ഡി. നമ്പർ ഗവൺമെന്റ് കത്തു പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) ആയതിനു ശേഷവും പുതുതായി ബാറുകൾക്ക് ലൈസൻസ് നൽകുകയുണ്ടായോ; എങ്കിൽ എത്ര; പുതുതായി അനുവദിച്ച ബാറുകളിൽ മദ്യം വില്ക്കുന്നതിന് എന്തെങ്കിലും പരിധി ഏർപ്പെടുത്തിയിട്ടുണ്ടോ; | (സി) 59 ബാറുകൾക്ക് പുതുതായി ലൈസൻസ് നല്കുകയുണ്ടായി. 16:2.2013-ലെ ജി.ഒ. (പി).നം. 22/2013/നി.വ. പ്രകാരം, എല്ലാ ബാറുകളുടേയും പ്രവർത്തന സമയം കുറച്ചും, ഏകീകരിച്ചും രാവിലെ 8 മണി മുതൽ രാത്രി 11 മണി വരെയായി പരിധി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ, അബ്കാരി (ഭേദഗതി) ഓർഡിനൻസ് 2013 പ്രകാരം മദ്യം വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള പ്രായപരിധി 18 വയസ്സിൽ നിന്ന് 21 വയസ്സായി ഉയർത്തിയിട്ടുണ്ട്. |
| (ഡി) ഈ സർക്കാർ പുതുതായി അനുവദിച്ച ബാറുകൾ വഴി ഇതിനകം വിറ്റ മദ്യത്തിന്റെ കണക്കുകൾ ലഭ്യമാണോ? | (ഡി) ഈ സർക്കാർ പുതുതായി അനുവദിച്ച ബാറുകൾ വഴി, 69,07,658.03 ലിറ്റർ മദ്യം വില്പന നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.